KANNUR UNIVERSITY

**(Abstract)**

M.A. Malayalam programme (CBCSS) in the University Teaching Department w.e.f 2020 admission- Replacement of the existing Open Elective Course in the III Semester - Modified Scheme, Syllabus & Question Paper Pattern of the Programme with effect from 2021 admission - Implemented - Orders issued.

**ACADEMIC C SECTION**

ACAD C/ACAD C3/556/2020 Dated: 10.11.2022

Read:-1. UO No ACAD C/ACAD C3/556/2020 dated 21/01/2021
2. Minutes of the meeting of the IQAC dated 27/07/2022
3. Letter No ACAD C/ACAD C3/4236/2021 (I) dated 27/09/2022
4. Minutes of the meeting of the Department Council , Deapartment of Malayalam held on 29/09/2022
5. Email dated 26/10/2022 and 27/10/2022 from the Head of the Department, department of Malayalam, PK Rajan Memorial Campus, Nileswaram.

**ORDER**

1. As per paper read (1) above, revised Scheme, Syllabus & Question Paper Pattern of the M.A. Malayalam programme under Choice Based Credit Semester System (CBCSS) was implemented in the Department of Malayalam, Dr.P.K.Rajan Memorial Campus, Palathadam, Nileswaram w.e.f 2020 admission.
2. Meeting of Internal Quality Assurance Cell held on 27/07/2022, as per paper read (2) above, resolved that all the Teaching Departments should offer Open Elective Courses, compulsory in the third semester.
3. Subsequently, as per paper read (3) above, HoDs of the Teaching Departments were requested to modify the scheme and syllabus of the PG Programme offered in the respective Department.
4. The Department Council, Department of Malayalam held on 29/09/2022, as per paper read (4) above, resolved to replace the Open Elective course already offered in the Third Semester as detailed below.

- **MAMAL03O02:**പ്രവാസി സിനിമ: സിദ്ധാന്തവും സ്വഭാവവും **(Diaspora Cinema Theory & Characteristics )** with Credit 3 is replaced with **MAMAL03O02:**മലയാള സാഹിത്യവും സംസ്കാരവും **(Malayalam Literature and Culture)** with Credit 4.

5. Accordingly, the Head, Department of Malayalam submitted the modified scheme & syllabus, and pattern of Question Paper of M.A. Malayalam programme under Choice Based Credit Semester System (CBCSS), for implementation w.e.f 2021 admission, as per paper read (5) above.
6. The Vice Chancellor after considering the matter in detail and in exercise of the powers of the Academic Council conferred under section 11 (1) of the Chapter III of Kannur University Act 1996, accorded sanction to implement the modified Scheme, Syllabus & Question Paper Pattern of the M.A. Malayalam programme under Choice Based Credit Semester System (CBCSS), in the Department of Malayalam, Dr. P. K. Rajan Memorial Campus, Palathadam, Nileswaram w.e.f 2021 admission, as detailed in Para (4) above.
7. The modified Scheme, Syllabus & Question Paper Pattern of M.A. Malayalam programme (CBCSS), effective from 2021 admission, are uploaded in the University website (www.**kannuruniversity.ac.in**).

Orders are, therefore, issued accordingly.

KANNUR UNIVERSITY CIVIL STATION P.O. KANNUR Pin-670 002 THAVAKKARA

sd/-
**BALACHANDRAN V K**
**DEPUTY REGISTRAR (ACAD)**
For REGISTRAR

To: The Head, Dept. of Malayalam, Dr.P.K.Rajan Memorial Campus, Palathadam, Nileswaram, Kasaragod

Copy To: 1. PS to VC/PA to PVC/PA to R/PA to CE
2. The Examination Branch (through PA to CE)
3. EP IV / EX C1, DR/AR I Academic
4. Web manager (for uploading in the website ) , The Computer Programmer
5. Information Desk, SF/DF/FC

Forwarded / By Order
SECTION OFFICER

# KANNUR UNIVERSITY

## DEPARTMENT OF MALAYALAM

SCHOOL OF INDIAN LANGUAGES
DR.P.K. RAJAN MEMORIAL CAMPUS
PALATHADAM, NILESHWARAM – 671314

## SCHEME & SYLLABUS
FOR

# M.A. MALAYALAM PROGRAMME

under

**Choice Based Credit Semester System (CBCSS)**

**Effective from 2021 Admission**

# KANNUR UNIVERSITY

## Dept. of Malayalam

## MA Malayalam Syllabus - 2021 Onwards

### 1.DURATION OF THE PROGRAMME:

The duration of the MA Malayalam Programme shall be 2 years, each year comprising two semesters.

### 2. ELIGIBILITY FOR ADMISSION:

BA with Malayalam with as Core Course / Part III excluding Subsidiaries with not less than 45% marks or equivalent GPA excluding subsidiaries /Complementary Courses or BA/BSc with Malayalam as Common Course with not less than 45% Marks or equivalent GPA in Common Course / additional language. Weightage of 10% marks or GPA shall be given to the candidates who have studied Malayalam as Core Course. Candidates those who n have passed LRP Programmes like BBM ,BBA, B.Com and Bsc etc are not eligible for MA Malayalam Programme. Candidates belonging to other socially and economically backward communities are eligible for a relaxation of 5 percent marks in the qualifying examination. Those belonging to scheduled castes/scheduled tribes having secured a pass in the qualifying degree examination are eligible to apply for admission to the Programme.

### 3. ADMISSION PROCEDURE:

Admission to MA Malayalam is on the basis of entrance examination. The questions for entrance examination are of multiple choices from Malayalam language and literature at graduate level.

### 4. RESERVATION:

Reservation as per Government rules.

### 5. PROGRAMME STRUCTURE :

**5.1 Programme Structure** means a list of courses (Core, Elective, Open Elective) that makes up an Academic Programme, specifying the syllabus, Credits, hours of teaching, evaluation and examination schemes, minimum number of credits required for successful completion of the programme etc. prepared in conformity with University Rules,

**5.2 Core Course** means a course that a student admitted to a particular programme must successfully complete to receive the degree and which cannot be substituted by any other course.

**5.3 Elective Course** means an optional course to be selected by a student out of such courses offered in the same Department/Centre.

**5.4 Open ElectiveCourse**means an elective course which is available for students of all programmes including students of same department. Students of other Departmentsmay opt these courses subject to fulfilling of eligibility of criteria as laid down by the Department offering the course.

## 6. REGISTRATION :

6.1 Every Department/School shall have Permanent/ Contract faculty members as Student Advisors. Each student at the time of admission will be assigned to an advisor by the Department Council. He/she will advise the student about the academic Programme and counsel on the choice of courses depending on the student's academic background and objective. The student will then register for the courses she/he plans to take for the semester before the classes begin.

6.2 The Department offering any course shall prescribe the maximum number of students that can be admitted taking into consideration the facilities available. The Department Council will be the authority to fix the optionals that can be offered for a Programme while ensuring that sufficient choice is given to each student in all semesters other than Semester 1.Elective courses for the next semester will be announced within 10 days of the end of the previous semester.

6.3 The student has to complete the prescribed prerequisites for the course before registration. The student within a maximum of 10 working days after the commencement of the classes can change the Optional Course with the consent of HoDin consultation with the Advisor.

6.4 The Department shall make available to all students a bulletin listing all the courses offered in every Semester specifying the Credits, list of topics the course intends to cover, the name of the instructor, the timetable and examination schedule. This will be made available in the last week of each semester after it is approved by the Department Council, the Dean and the VC.

## 7. COURSE STRUCTURE

### Core Courses

| Sl.No | Course Code | Course Title | Instructional Hrs/week | Credits |
|---|---|---|---|---|
| 1. | MAMAL01C01 | Ancient and Medieval Literature | 4 | 4 |
| 2. | MAMAL01C02 | Linguistics | 4 | 4 |
| 3. | MAMAL02C03 | Grammar | 4 | 4 |
| 4. | MAMAL02C04 | Renaissance Literature | 4 | 4 |
| 5. | MAMAL02C05 | Sanskrit I | 4 | 4 |
| 6. | MAMAL03C06 | Sanskrit II | 4 | 4 |
| 7. | MAMAL03C07 | Literary Theories – Eastern | 4 | 4 |
| 8. | MAMAL03C08 | Literary Theories – Western | 4 | 4 |
| 9. | MAMAL04C09 | Malayalam Literary Criticism | 4 | 4 |
| 10. | MAMAL04C10 | Project/Dissertation | 4 | 4 |

## Electives

| Sl.No | Course Code | Course Title | Instructional Hrs/week | Credit |
|---|---|---|---|---|
| 1. | MAMAL01E01 | Modern Literature | 3 | 3 |
| 2. | MAMAL01E02 | Sahityacharitra Vijnaneeyam | 3 | 3 |
| 3. | MAMAL01E03 | Feminist Literature | 3 | 3 |
| 4. | MAMAL01E04 | Malayala Nataka Sahithyam | 3 | 3 |
| 5. | MAMAL01E05 | Food Cultural Studies | 3 | 3 |
| 6. | MAMAL02E06 | Folklore | 3 | 3 |
| 7. | MAMAL02E07 | Eminent Writer -Madhavikutty | 3 | 3 |
| 8. | MAMAL02E08 | Haritha Sahithyam | 3 | 3 |
| 9. | MAMAL03E09 | Cultural Studies | 3 | 3 |
| 10. | MAMAL03E10 | Writings for Media | 3 | 3 |
| 11. | MAMAL03E11 | Tamil Literature | 3 | 3 |
| 12. | MAMAL04E12 | Kerala Culture | 3 | 3 |
| 13. | MAMAL04E13 | Translation Theory & Practice | 3 | 3 |
| 14. | MAMAL04E14 | Cyber Practices | 3 | 3 |

## Open Course

| Sl.No | Course Code | Course Title | Instructional Hrs/week | Credits |
|---|---|---|---|---|
| 1. | MAMAL02O01 | Creative Writing:Theory & Practice | 3 | 3 |
| 2. | MAMAL03O02 | Malayalam Literature and Culture | 4 | 4 |
| 3. | MAMAL04O03 | Academic Writing in Malayalam | 3 | 3 |

**PROGRAMME STRUCTURE SEMESTER WISE:**

## I Semester

| No. | Course Code | Name of the Course | Credits | Instructional Hours/Sem | | | Marks | | |
|---|---|---|---|---|---|---|---|---|---|
| | | | | L | T | S | CE | ESE | Total |
| 1 | MAMAL01C01 | Ancient and Medieval Literature | 4 | 4 | | 1 | 40 | 60 | 100 |
| 2 | MAMAL01C02 | Linguistics | 4 | 4 | 1 | 1 | 40 | 60 | 100 |
| 3 | MAMAL01E01/02/03/04/05 | Modern Literature | 3 | 3 | | 1 | 40 | 60 | 100 |
| 4 | | Sahithyacharithra Vijnaneeyam | 3 | 3 | 1 | 1 | 40 | 60 | 100 |
| 5 | | Feminist Literature | 3 | 3 | 1 | 1 | 40 | 60 | 100 |
| 6 | | Malayala NadakaSahithyam/Food Cultureal Studies | 3 | 3 | 1 | 1 | 40 | 60 | 100 |
| Total | | | 20 | 20 | 4 | 6 | 240 | 360 | 600 |

## II Semester

| No | Course Code | Name of the Course | Credits | Instructional Hours/Sem | | | Marks | | |
|---|---|---|---|---|---|---|---|---|---|
| | | | | L | T | S | CE | ESE | Total |
| 1 | MAMAL02C03 | Grammar | 4 | 4 | 1 | 1 | 40 | 60 | 100 |
| 2 | MAMAL02C04 | Renaissance Literature | 4 | 4 | 1 | 1 | 40 | 60 | 100 |
| 3 | MAMAL02C05 | Sanskrit I Kavya &Grammar | 4 | 4 | | 1 | 40 | 60 | 100 |
| 4 | MAMAL02E06 | Folklore | 3 | 3 | 1 | | 40 | 60 | 100 |
| 5 | MAMAL02E07/08 | Eminent Writer Madhavikutty/Harithasahithyam | 3 | 3 | | 1 | 40 | 60 | 100 |
| 6 | MAMAL02O01 | Creative Writing Theory and Practice | 3 | 3 | | 1 | 40 | 60 | 100 |
| | Total | | 21 | 21 | 3 | 6 | 240 | 360 | 600 |

## III Semester

| No | Course Code | Name of the Course | Credits | Instructional Hours/Sem | | | Marks | | |
|---|---|---|---|---|---|---|---|---|---|
| | | | | L | T | S | CE | ESE | Total |
| 1 | MAMAL03C06 | Sanskrit II | 4 | 4 | | 1 | 40 | 60 | 100 |
| 2 | MAMAL03C07 | Literary Theories Eastern | 4 | 4 | 1 | 1 | 40 | 60 | 100 |
| 3. | MAMAL03C08 | Literary Theories Western | 4 | 4 | 1 | 1 | 40 | 60 | 100 |
| 4. | MAMAL03E09 | Cultural Studies | 3 | 3 | 1 | 1 | 40 | 60 | 100 |
| 5. | MAMAL03E10/ 11 | Writing for Media /Thamil Literature | 3 | 3 | | 1 | 40 | 60 | 100 |
| 6. | MAMAL03O02 | Malayalam Literature and Culture | 4 | 4 | | | 40 | 60 | 100 |
| | | Total | 22 | 22 | 3 | 5 | 240 | 360 | 600 |

IV Semester

| No. | Course Code | Name of the Course | Credits | Instructional Hours/Sem | | | | Marks | | |
|---|---|---|---|---|---|---|---|---|---|---|
| | | | | L | T | S | F | CE | ESE | Total |
| 1 | MAMAL04C09 | Malayalam Literary Criticism | 4 | 4 | 1 | 1 | | 40 | 60 | 100 |
| 2 | MAMAL04C10 | Project/Dissertation & Viva Voce | 4 | 4 | 2 | | 4 | 40 | 60 | 100 |
| 3 | MAMAL04E12 | Kerala Culture | 3 | 3 | 1 | 1 | | 40 | 60 | 100 |
| 4 | MAMAL04E13/ 14 | Traslation Theory &Practices/Cyber Practices | 3 | 3 | 1 | 1 | | 40 | 60 | 100 |
| 5 | MAMAL04O03 | Academic Writing in Malayalam | 3 | 3 | | 1 | | 40 | 60 | 100 |
| Total | | | 17 | 17 | 5 | 4 | 4 | 200 | 300 | 500 |

**Total Credits = 20+21+22+17=80**

**Total Marks = 600+600+600+500=2300**

## 8. CREDIT REQUIREMENTS

The minimum total credits needed for the successfull completion of the Programme shall be 80 in which minimum credits required for Core Course is 40 and minimum for Elective Course is 30 and mimimum credits required for Open/Mooc Course is 10

## 9. EVALUATION

Evaluation of the students shall be done by the faculty member who teaches the Course on the basis of Continuous Evaluation (CE) and End Semester Examination(ESE). The proportion of the distribution of marks among End Semester Examination and Continuous Evaluation shall be 60:40. The duration of the End Semester Examination for each Course shall be 3 hours. The minimum marks required for the successful completion of a course shall be 50%. The maximum marks for continuous Evaluation shall be 40 and shall be based on the following components:

** Assignments : 20%, * Class Test s: 40%, * Seminar :40%*

## 10. VIVA:

In the IV Semester there shall be dissertation, and a comprehensive Viva-Voce. The Viva Voce examination is based on the dissertation of the students, arranged by the department with an external expert.

## 11. EXAMINATION AND GRADING:

Conduct of examinations, grading of the students, issuing grade cards etc are based on the regulations for Choice based Credit Semester system.

# സെമസ്റ്റർ 1

# MAMAL01C01 പ്രാചീനമധ്യകാലസാഹിത്യം

# MAMAL01C01 Ancient and Medieval Literature

## ക്രെഡിറ്റ്: 4

19-ാം നൂറ്റാണ്ടുവരെയുള്ള മലയാളസാഹിത്യത്തിന്റെയും ഭാഷയുടെയും വികാസപരിണാമങ്ങൾ അറിയുക എന്നതാണ് ഈ കോഴ്സിന്റെ ലക്ഷ്യം. പാട്ടും മണിപ്രവാളവും ചേർന്ന് പദ്യഭാഷയിൽ മാറ്റങ്ങൾ വരുത്തി. അതിനു സമാന്തരമായി ഒരു ഗദ്യസാഹിത്യവും ഇവിടെ ഉടലെടുത്തിരുന്നു. ഈ സാഹിത്യരൂപങ്ങൾ കേരളത്തിന്റെ സാമൂഹികസാംസ്കാരികമണ്ഡലങ്ങളിൽ ഉണ്ടാക്കിയ ചലനങ്ങൾ മനസ്സിലാക്കാൻ ഈ കോഴ്സ് സഹായിക്കും.

കോഴ്സുമായി ബന്ധപ്പെട്ട പഠനഗ്രന്ഥങ്ങളും സഹായകഗ്രന്ഥങ്ങളും വായിച്ച് ലൈബ്രറി റക്കോർഡുകൾ തയ്യാറാക്കുകയും അവ ട്യൂട്ടറെ കാണിച്ച് വിലയിരുത്തിയശേഷം ചർച്ചകളും സെമിനാറുകളും സംവാദങ്ങളും സംഘടിപ്പിക്കേണ്ടതാണ്.

## മൊഡ്യൂൾ: 1. പ്രാചീനപാട്ടുസാഹിത്യം

രാമചരിതത്തിൽ ആരംഭിക്കുന്ന പാട്ടുസാഹിത്യത്തിന്റെ ഭാഷാപരവും പ്രമേയപരവുമായ സവിശേഷതകൾ വിശകലനം ചെയ്യുകയാണ് ഈ മൊഡ്യൂളിൽ. പാട്ടിന്റെ ലക്ഷണം, പാട്ടും പാണ്ഡ്യഭാഷാസാരൂപ്യവും. ഇവ നിർവചിക്കുക, പാട്ടുഭാഷയുടെ ക്രമികമായ വികാസം അടയാളപ്പെടുത്തുക.

## പാഠ്യഭാഗങ്ങൾ

| | | |
|---|---|---|
| 1. | രാമചരിതം | പടലം 1 |
| 2. | തിരുനിഴൽമാല | കാവ്യോപക്രമം 1-5 ഖണ്ഡം |

3. രാമകഥപ്പാട്ട് — ബാലകാണ്ഡം ഒന്നാം വിരുത്തം
4. കണ്ണശ്ശരാമായണം — ബാലകാണ്ഡം 1-10 പാട്ട്

## ആർജിതശേഷി

- പാട്ടിന്റെ ഘടനയിലുണ്ടായ മാറ്റം തിരിച്ചറിയുന്നു.
- മലയാളഭാഷയിലെ ആദ്യകാല കൃതികൾ എന്ന നിലയിൽ തമിഴ് സാഹിത്യവുമായി മലയാളത്തിനുള്ള ബന്ധവ്യത്യാസങ്ങൾ തിരിച്ചറിയുന്നു.

## മൊഡ്യൂൾ: 2. മധ്യകാലപാട്ടുസാഹിത്യം

ഗാഥ, കിളിപ്പാട്ട്, തുള്ളൽപ്പാട്ട്, വഞ്ചിപ്പാട്ട്, പാന എന്നിങ്ങനെ മധ്യകാലഘട്ടത്തിൽ പാട്ട് വ്യത്യസ്ത പ്രസ്ഥാനങ്ങളായി മാറി. ഈ ഓരോ പ്രസ്ഥാനവും പാട്ടിന്റെ ഭാഷയിലും ഉള്ളടക്കത്തിലും വരുത്തിയ മാറ്റങ്ങൾ കണ്ടെത്തുക, എഴുത്തച്ഛൻ ഭാഷയിൽ വരുത്തിയ വിപ്ലവവും, പാട്ടുസാഹിത്യം സാംസ്കാരികമായ നവോത്ഥാനത്തിന് വഴിവെച്ചതെങ്ങനെയെന്നും കണ്ടെത്തുക, ഭക്തിപ്രസ്ഥാനം ഉടലെടുക്കാനുണ്ടായ സാഹചര്യം വിലയിരുത്തുക, കൃഷ്ണഗാഥയിൽ തുടങ്ങുന്ന ഭക്തിയ്ക്കുണ്ടായ ക്രമികമായ മാറ്റം കണ്ടെത്തുക എന്നിവ ഈ മൊഡ്യൂളിന്റെ ഉദ്ദേശ്യമാണ്.

## പാഠ്യഭാഗങ്ങൾ

1. കൃഷ്ണഗാഥ — പൂതനാമോക്ഷം
2. അദ്ധ്യാത്മരാമായണം കിളിപ്പാട്ട് — സുന്ദരകാണ്ഡം
3. തുള്ളൽപ്രസ്ഥാനം — സഭാപ്രവേശം
4. വഞ്ചിപ്പാട്ട് പ്രസ്ഥാനം — കുചേലവൃത്തം
5. പാനാപ്രസ്ഥാനം — ജ്ഞാനപ്പാന–സംസാരവർണ്ണന

## ആർജിതശേഷി

- ഭക്തിപ്രസ്ഥാനം ഉടലെടുക്കാനുണ്ടായ സാമൂഹികവും സാംസ്കാരികവുമായ സാഹചര്യം ബോധ്യപ്പെടുന്നു.
- എഴുത്തച്ഛൻ ഭാഷയിൽ കൊണ്ടുവന്ന ആധുനീകരണം ബോധ്യപ്പെടുന്നു.
- പാട്ടുപ്രസ്ഥാനത്തിനുണ്ടായ ഘടനാപരവും പ്രമേയപരവുമായ മാറ്റം ബോധ്യപ്പെടുന്നു.

## മൊഡ്യൂൾ: 3. പ്രാചീനമധ്യകാല മണിപ്രവാളം

മണിപ്രവാളത്തിന്റെ ഉല്പത്തി, ലക്ഷണം, പ്രാചീനമണിപ്രവാളത്തിന്റെ സവിശേഷതകൾ, മണിപ്രവാള പ്രസ്ഥാനത്തിൽ ലീലാതിലകത്തിനുള്ള സ്ഥാനം, മണിപ്രവാള

കാലഘട്ടത്തിലെ കേരളീയസമൂഹത്തിന്റെ അവസ്ഥ, സാംസ്കാരികമായ ജീർണ്ണത, ദേവദാസി സമ്പ്രദായം, വ്യത്യസ്തകാവ്യരൂപങ്ങൾ, സന്ദേശകാവ്യപ്രസ്ഥാനം, ലഘുകാവ്യങ്ങൾ, ചമ്പുപ്രസ്ഥാനം എന്നിവയിൽ നിന്നും ലഭിക്കുന്ന കേരളചരിത്ര സംബന്ധിയായ സൂചനകൾ അറിയുക എന്നതാണ് ഈ മൊഡ്യൂളിന്റെ ലക്ഷ്യം. കേരളത്തിന്റെ തനതുകലാരൂപമായ കഥകളിയുടെ സാഹിത്യരൂപമായ ആട്ടക്കഥയുടെ വികാസപരിണാമങ്ങൾ സമകാലസ്ഥിതി എന്നിവ ഈ യൂണിറ്റിൽ ചർച്ച ചെയ്യുന്നു. കോട്ടയത്തുതമ്പുരാൻ, ഇരയിമ്മൻ തമ്പി, ഉണ്ണായിവാര്യർ എന്നിവരുടെ ആട്ടക്കഥകളെക്കുറിച്ച് സാമാന്യജ്ഞാനം നൽകുന്നു.

## പാഠ്യഭാഗങ്ങൾ

| | | |
|---|---|---|
| 1. | ഉണ്ണിയാടീചരിതം | ഗദ്യം 3 വരെ |
| 2. | ചെറിയച്ചി | |
| 3. | ഉണ്ണുനീലിസന്ദേശം | പൂർവ്വഭാഗം 25 ശ്ലോകം |
| 4. | ചന്ദ്രോത്സവം | 5-ാം ഭാഗം 25 ശ്ലോകം |
| 5. | ചമ്പു | രാമായണം ചമ്പു ഉദ്യാനപ്രവേശം |
| 6. | നളചരിതം ആട്ടക്കഥ | നാലാം ദിവസം |

## ആർജിതശേഷി

- ➢ പ്രാചീന മധ്യകാല മണിപ്രവാളകൃതികൾ ഉള്ളടക്കത്തിലും ഭാഷയിലും എങ്ങനെയെല്ലാം വ്യത്യാസപ്പെട്ടിരിക്കുന്നു എന്ന് തിരിച്ചറിയുന്നു.
- ➢ കേരളത്തിന്റെ ദൃശ്യസംസ്കാരം രൂപപ്പെടുത്തുന്നതിൽ കഥകളി വഹിച്ച പങ്ക് ബോധ്യപ്പെടുന്നു.

## മൊഡ്യൂൾ: 4. ഗദ്യത്തിന്റെ പരിണാമം

മലയാളഭാഷയുടെ ഉദ്ഭവം, കൊടുംതമിഴും മൂലദ്രാവിഡഭാഷയും, കേരളത്തിലെ പൂർവ്വഭാഷ, കൊടുംതമിഴിന്റെ പരിണാമം, ശാസനഭാഷയുടെ സവിശേഷതകൾ, ശാസനാഭാഷ മലയാളമാണോ, കൗടലീയഭാഷ, കൗടലീയത്തിൽനിന്നും നമ്പ്യാന്തമിഴിലേക്കുള്ള ഭാഷയുടെ കൂടുമാറ്റം, മിഷണറിഗദ്യത്തിന്റെ സവിശേഷതകൾ, നമ്പ്യാന്തമിഴിന്റെ സാഹിത്യമൂല്യം, മിഷണറിമാരുടെ സംഭാവനകൾ എന്നിവ പഠനവിധേയമാക്കുകയാണ് ഈ മൊഡ്യൂളിൽ.

## പാഠ്യഭാഗങ്ങൾ

| | | |
|---|---|---|
| 1. | ജൂതശാസനം | |
| 2. | ഭാഷാകൗടലീയം | രണ്ടാം അധികരണം പ്രകരണ 41 സീതാദ്ധ്യക്ഷൻ |
| 3. | ബ്രഹ്മാണ്ഡപുരാണം | കോസലരാജാവിന്റെ പടപ്പുറപ്പാടുവരെ |
| 4. | ഉദയംപേരൂർ സൂനഹദോസിന്റെ കാനോനകൾ | |

## ആർജിതശേഷി

- ഗദ്യഭാഷയുടെ ക്രമികമായ വികാസപരിണാമങ്ങൾ മനസ്സിലാക്കാൻ ഈ മൊഡ്യൂളിലൂടെ സാധിക്കും.
- പദ്യഭാഷയ്ക്ക് സമാന്തരമായി ഒരു ഗദ്യഭാഷയും ഇവിടെ രൂപപ്പെട്ടിരുന്നുവെന്ന് ബോധ്യമാകും.

## റഫറൻസ്


1. പി. ഗോവിന്ദപ്പിള്ള, ആർ. നാരായണപ്പണിക്കർ, ഉള്ളൂർ, ആറ്റൂർ, എൻ. കൃഷ്ണപിള്ള എന്നിവരുടെ സാഹിത്യചരിത്രഗ്രന്ഥങ്ങൾ
2. പി.കെ. പരമേശ്വരൻ നായർ ട്രസ്റ്റിന്റെ സാഹിത്യ ചരിത്രങ്ങൾ
3. കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ച സാഹിത്യ ചരിത്രങ്ങൾ
4. കേരള സാഹിത്യ അക്കാദമി പ്രസിദ്ധീകരിച്ച സാഹിത്യ ചരിത്രങ്ങൾ
5. രാമചരിതവും പാട്ടുമാതൃകകളും — ഡോ.എം.എം. പുരുഷോത്തമൻ
6. രാമചരിതവും പ്രാചീന മലയാളവും — ഡോ.കെ.എം. ജോർജ്ജ്
7. മണിപ്രവാളം പുനർവായന — എഡി. ഡോ. റീജ വി.
8. പ്രൊഫ.പി. രാമന്റെ പ്രബന്ധങ്ങൾ — സമ്പാ. ഡോ. റീജ വി.
9. മധ്യകാല മലയാളം — ഡോ.പി.വി. വേലായുധൻപിള്ള
10. നിരണം പാട്ടുകൾ — ദേശമംഗലം രാമകൃഷ്ണൻ
11. കേരളഭാഷയുടെ വികാസപരിണാമങ്ങൾ — ഇളംകുളം കുഞ്ഞൻപിള്ള
12. പദ്യരത്നം (ഉപോദ്ഘാതം) — ഡോ. പി.കെ. നാരായണപിള്ള
13. എഴുത്തച്ഛൻ — ഡോ. കെ. രാഘവൻപിള്ള
14. മലയാള ഭാഷാപരിണാമം സിദ്ധാന്തങ്ങളും വസ്തുതകളും — തിരുനല്ലൂർ കരുണാകരൻ
15. ലീലാതിലകം ഒന്നാംശില്പം — വ്യാഖ്യാനം
16. കുഞ്ചൻ നമ്പ്യാർ വാക്കും സമൂഹവും — ഡോ. കെ.എൻ. ഗണേഷ്
17. കഥകളി — ജി. കൃഷ്ണപ്പിള്ള
18. ആട്ടക്കഥ — അയ്മനം കൃഷ്ണക്കൈമൾ
19. രണ്ടു പ്രാചീനഗദ്യ കൃതികൾ — സ്കറിയ സക്കറിയ
20. മിഷണറി മലയാള ഗദ്യമാതൃകകൾ — സാമുവൽ ചന്ദനപ്പിള്ളി
21. നളചരിതസന്ദേശം — അയ്മനം കൃഷ്ണക്കൈമൾ
22. ഭാഷാചമ്പുക്കൾ — ഉള്ളൂർ എസ്. പരമേശ്വരയ്യർ
23. Ezhuthachan and his age — Chelanattu Achutha Menon
24. Early Manipravala - A study — K. Ramachandran Nair
25. Language of Middle Malayalam — Puthussery Ramachandran

# MAMAL01C02 ഭാഷാശാസ്ത്രം
# MAMAL01C02 Linguistics

## ക്രെഡിറ്റ്: 4

ഭാഷാമേഖലയിലും സാഹിത്യപഠനമേഖലയിലും കരുത്തും ആർജ്ജവവും നൽകുന്ന പഠനമേഖലയാണ് ഭാഷാശാസ്ത്രം. ഭാഷാപഠനമേഖലയിൽ ഉണ്ടായിട്ടുള്ള സങ്കൽപനങ്ങളെയും സമീപനങ്ങളെയും കുറിച്ച് അറിവ് സമ്പാദിക്കുക, ഭാഷാശാസ്ത്രത്തിന്റെ വിപുലമേഖലകളെ തിരിച്ചറിയുക, വ്യത്യസ്തഭാഷാ അപഗ്രഥനരീതികളെ മനസ്സിലാക്കുക, ഇവയെ സൂക്ഷ്മമായി പഠനവിധേയമാക്കുക എന്നതും ഈ കോഴ്സ് ലക്ഷ്യം വെയ്ക്കുന്നു. ഭാഷാശാസ്ത്രമേഖലയിൽ ഉണ്ടായിട്ടുള്ള പുതിയ പ്രവണതകളും പഠനമേഖലകളും വിദ്യാർത്ഥികളെ പരിചയപ്പെടുന്നതിനും ഈ കോഴ്സ് പ്രയോജനപ്പെടുന്നു.

## മൊഡ്യൂൾ: 1

ഭാഷ:- നിർവചനം, ഭാഷ-ഭാഷണം, ഭാഷ മാനുഷിക സിദ്ധി, ഭാഷാർജ്ജനസിദ്ധികൾ, ഭാഷാ അപഗ്രഥനസിദ്ധികൾ, ഏകകാലികം, ബഹുകാലികം, താരതമ്യാത്മകം, വ്യതിരേകാത്മകം, അനുവംശികം, കക്ഷ്യാപരം—ലോകഭാഷകൾ—ജീവൽഭാഷ, മൃതഭാഷ, സംപൃഷ്ടഭാഷ, കൃത്രിമഭാഷ, മാതൃഭാഷ, ഒന്നാംഭാഷ, ഭരണഭാഷ, ഔദ്യോഗികഭാഷ, ക്ലാസിക്കൽഭാഷ, സമ്പർക്കഭാഷ, ഭാഷാതിരോധാനം, വാമൊഴി—വരമൊഴി ചിഹ്നം—സൂചകം—സൂചിതം.

## ആർജിതശേഷി

- ഭാഷയിൽ ഉണ്ടായ വിവിധ നിർവചനങ്ങളെക്കുറിച്ച് മനസ്സിലാക്കുന്നു.
- ഭാഷാപഗ്രഥനരീതികൾ കുട്ടികൾ സ്വായത്തമാക്കുന്നു.
- വിവിധ ഭാഷകളോടൊപ്പം വ്യത്യസ്തമേഖലയിലെ ഭാഷാപ്രയോഗങ്ങളും മനസ്സിലാക്കുന്നു.

## മൊഡ്യൂൾ: 2

സ്വനവിജ്ഞാനീയം:- സ്വനം–നിർവചനം–സ്വനവിജ്ഞാനത്തിന്റെ പിരിവുകൾ –സ്വനഭൗതികം–അവയവനിഷ്ഠം–സ്വനോത്പാദനം–ഭാഷണഅവയവങ്ങൾ

സ്വരം:- ദിസ്വരം, വ്യഞ്ജനം, ലീനധ്വനികൾ–മാനസ്വരങ്ങൾ

സ്വനിമം:- നിർവ്വചനം–ഉപസ്വനം–സ്വനിമനിർണ്ണയത്തിന്റെ അടിസ്ഥാനം, വ്യത്യയബന്ധം–പൂരകവിതരണം–മലയാളത്തിലെ സ്വനിമങ്ങൾ

രൂപവിജ്ഞാനീയം:- രൂപിമം–നിർവ്വചനം–നിർണ്ണയരീതികൾ–ബദ്ധരൂപിമം–ഉപരൂപിമം–രൂപിമവിഭാഗങ്ങൾ–ധാതു–പ്രകൃതി, പ്രത്യയം–പദം

പ്രത്യയവിഭാഗങ്ങൾ:- പുര, പര, അന്ത, ഉപരിപ്രത്യയങ്ങൾ, രൂപസ്വനവിചാരം, വർണ്ണവിചാരം

### ആർജിതശേഷി

- ഭാഷാശാസ്ത്രത്തിൽ സ്വനവിജ്ഞാനത്തിനും സ്വനിമവിജ്ഞാനത്തിനും ഉള്ള പ്രാധാന്യം മനസ്സിലാക്കുന്നു.
- മനുഷ്യശരീരത്തിലെ അവയവങ്ങൾ ഭാഷാ ഉത്പാദത്തിന് എപ്രകാരം സഹായകമാകുമെന്ന് മനസ്സിലാക്കുന്നു.
- രൂപവിജ്ഞാനീയത്തിനുള്ള പ്രാധാന്യം മനസ്സിലാക്കുന്നു. രൂപിമ വിഭാഗ ങ്ങളെക്കുറിച്ചും അപഗാഹമുണ്ടാകുന്നു.

## മൊഡ്യൂൾ: 3

വാക്യവിജ്ഞാനീയം:- വാക്യം–വാക്യഘടന, അർത്ഥവും വാക്യഘടനയും, വാക്യഘടനയും പരമ്പരാഗത വ്യാകരണവും, വാക്യഘടന–ഘടനാത്മകസമീപനങ്ങൾ, സന്നിഹിതഘടനാപഗ്രഥനം, പദസംഹിതരചനാ വ്യാകരണം, രചനാന്തരണപ്രജനകവ്യാകരണം.

അർത്ഥവിജ്ഞാനീയം:- വിവിധതരം അർത്ഥങ്ങൾ, സൂചിതാർത്ഥം, ലാക്ഷണികാർത്ഥം. അർത്ഥങ്ങൾ–സാമൂഹികാർത്ഥം, സാംസ്കാരികാർത്ഥം, ആലങ്കാരികാർത്ഥം

### ആർജിതശേഷി

- വാക്യഘടനയെക്കുറിച്ച് മനസ്സിലാക്കുന്നു.
- ആദ്യകാല വാക്യഘടനയും വ്യാകരണവും തമ്മിലുള്ള ബന്ധം മനസ്സിലാക്കുന്നു.
- ഭാഷയിലെ അർത്ഥപ്രയോഗങ്ങൾ, സന്ദർഭോചിതമായ പദപ്രയോഗങ്ങൾ എന്നിവ മനസ്സിലാക്കുന്നു.

## മൊഡ്യൂൾ: 4

ഭാഷയും സമൂഹവും:- ഭാഷാഭേദങ്ങൾ, പ്രാദേശികഭേദം, സാമൂഹികഭേദം, വ്യക്തിഭാഷ–ഭാഷാഭേദവിജ്ഞാനീയം–ഭാഷാഭേദഭൂപടം–സമഭാഷാംശസീമാരേഖ, കേന്ദ്രമേഖല, അവശിഷ്ടമേഖല, സംക്രമണമേഖല, വംശീയഭാഷാശാസ്ത്രം, സാമൂഹികഭാഷാശാസ്ത്രം, ഭാഷയും സാമൂഹികശ്രേണിയും, ആചാരഭാഷ, ഗൂഢഭാഷ, വിലക്കപദങ്ങൾ–ദ്വിഭാഷിത്വം–ബഹുഭാഷിത്വം–ഇരട്ടമൊഴിത്തം–മൊഴിമാറ്റം–ഭാഷയും അധികാരബന്ധങ്ങളും–മാനകഭാഷ.

## ആർജിതശേഷി

- ഭാഷയിലെ പ്രാദേശികഭേദങ്ങൾ മനസ്സിലാക്കുന്നു.
- ഭാഷാശാസ്ത്രത്തിന്റെ വിവിധമേഖലകളെ തിരിച്ചറിയുന്നു.
- സാമൂഹികശ്രേണിയിലെ വ്യത്യസ്ത ഭാഷകളെ മനസ്സിലാക്കുന്നു.
- ഭാഷാശാസ്ത്രത്തിന്റെ നവീനമേഖലകളെക്കുറിച്ചും പ്രവണതകളെക്കുറിച്ചും മനസ്സിലാക്കുന്നു.

## റഫറൻസ്


1. ഭാഷാവലോകനം — കെ.എം.പ്രഭാകരവാര്യർ
2. ഭാഷാലോകം — ടി.ബി. വേണുഗോപാലപ്പണിക്കർ
3. സ്വനവിജ്ഞാനം — പ്രബോധചന്ദ്രൻനായർ
4. ഭാഷാശാസ്ത്രനിഘണ്ടു — പ്രബോധചന്ദ്രൻനായർ
5. ഭാഷാശാസ്ത്രദൃഷ്ടിയിലൂടെ — പ്രബോധചന്ദ്രൻനായർ
6. സ്വനിമവിജ്ഞാനം — കെ.എം.പ്രഭാകരവാര്യർ
7. വാക്യഘടന — ഇ.വി.എൻ. നമ്പൂതിരി
8. നോം ചോംസ്കി — ടി.ബി. വേണുഗോപാലപ്പണിക്കർ
9. വാക്കിന്റെ വഴികൾ — ടി.ബി. വേണുഗോപാലപ്പണിക്കർ
10. ഭാഷാർത്ഥം — ടി.ബി. വേണുഗോപാലപ്പണിക്കർ
11. ഭാഷാശാസ്ത്രസിദ്ധാന്തവും പ്രയോഗവും — ഡോ. ആൻഡ്രൂസ് കുട്ടി
12. ഭാഷാശാസ്ത്രത്തിലെ ചോംസ്കിയൻ വിപ്ലവം — കെ.എൻ. ആനന്ദൻ
13. നോം ചോംസ്കി നൂറ്റാണ്ടിന്റെ മനഃസാക്ഷി — എം.എ. ബേബി (എഡി.)
14. ഭാഷയും മനഃശ്ശാസ്ത്രവും — കെ.എം.പ്രഭാകരവാര്യർ
15. ശബ്ദാർത്ഥസിദ്ധാന്തങ്ങൾ സംസ്കൃതത്തിൽ — എൻ.വി.പി. ഉണിത്തിരി
16. ഭാഷാഭേദവിജ്ഞാനം — സോമശേഖരൻ നായർ
17. പണിയഭാഷ — സോമശേഖരൻ നായർ
18. വംശീയതയും ഭാഷയും — കെ.കെ. ബാബുരാജ്
19. സാമൂഹികഭാഷാവിജ്ഞാനം — ഉഷാനമ്പൂതിരിപ്പാട്
20. പഴശ്ശി രേഖകളിലെ വ്യവഹാരഭാഷ — ജോസഫ് സ്കറിയ

21. അധികാരവും ഭാഷയും — പി.എം. ഗിരീഷ്
22. കേരളത്തിലെ ആചാരഭാഷ — പി.എം. ഗിരീഷ്
23. മലയാളം സ്വത്വവും വിനിമയവും — പി.എം. ഗിരീഷ്
24. സൈബർ മലയാളം — സുനിത ടി.വി. (എഡി.)
25. ഇനി വായന ഇ-വായന മലയാളം — വി.കെ. ആദർശ്
26. ഭാഷാചിന്തകൾ — ഡോ.കെ. കുഞ്ചുണ്ണിരാജ
27. ഭാഷാദർശനവും ചരിത്രവും — ഡോ. കെ. കുഞ്ചുണ്ണിരാജ
28. ആധുനികഭാഷാശാസ്ത്രം — കെ.എം.പ്രഭാകരവാര്യർ
29. ഭാഷാശാസ്ത്രവിവേകം — കെ.എം.പ്രഭാകരവാര്യർ

## English

1. Language — David Crystal
2. Linguistics — David Crystal
3. A Course in Modern Linguistics — Charles F. Hocket
4. Introduction to Theoretical Linguistics — John Lyons
5. Language and Linguistics-An Introduction — John Lyons
6. Outline of Linguistic Analysis — Block & Trager
7. Saussure — Jonnathan Culler
8. Elements of General Phonetics — David Abercrombie
9. An Introduction to Descriptive Linguistics — Gleason
10. The Socio Linguistics of Society — Ralph Fasold
11. Language — Leonard Bloomfield
12. A Course in General Linguistics — FerdinandDeSanssure
13. Socio-Linguistics An Introduction — Peter Tridgill
14. Socio-linguistics A Brief Introduction — J.A. Fishman
15. The Social Meaning of Language — J.B. Pride
16. Syntactic Structures — Noam Chomsky
17. Aspects of Theory Of Syntax — Noam Chomsky
18. Language and Mind — Noam Chomsky
19. Chomsky — John Lyons
20. The Ethnology of Communications — John J. Gumperz
21. Language in Culture and Society — A Reader in Linguistics and Antropology
22. Indian Theories of Meaning — Kunjunni Raja
23. Txtng: The Gr8 Db8 — David Crystal
24. Six Lectures on Sound and Meaning — Roman Jakobson

## സെമസ്റ്റർ 2

## MAMAL02C03 വ്യാകരണം

## MAMAL02C03 Grammar

### ക്രെഡിറ്റ്: 4

ഭാഷയെ സമഗ്രമായി അപഗ്രഥിച്ച് അതിന്റെ ഘടകങ്ങളെയും അതിനടിസ്ഥാനമായ നിയമങ്ങളെയും കണ്ടെത്തുന്നതിന് വേണ്ട അവബോധം നൽകുക എന്നതാണ് കോഴ്സിന്റെ ലക്ഷ്യം. അതിലൂടെ മലയാള വ്യാകരണത്തിൽ സമഗ്രമായ അവബോധം ഉണ്ടാക്കുവാൻ സാധിക്കും. മലയാളഭാഷയുടെ ആധികാരിക വ്യാകരണഗ്രന്ഥമായ കേരളപാണീയത്തെ അടിസ്ഥാനമാക്കിയാണ് ഈ കോഴ്സ് പഠിക്കേണ്ടത്. കേരളപാണിനീയത്തിന് മുമ്പും പിമ്പും ഉണ്ടായിട്ടുള്ള വ്യാകരണഗ്രന്ഥങ്ങളെക്കുറിച്ചുള്ള സാമാന്യജ്ഞാനവും ഈ കോഴ്സിൽ നിന്നും ലഭിക്കും.

### മൊഡ്യൂൾ: 1

വ്യാകരണത്തെക്കുറിച്ചുള്ള പൊതുധാരണ നൽകുകയാണ് ഈ മൊഡ്യൂളിൽ. പാണിനീയം, നന്നൂൽ, തൊൽക്കാപ്പിയം, മലയാഴ്മയുടെ വ്യാകരണം, ലീലാതിലകം എന്നീ വ്യാകരണഗ്രന്ഥങ്ങളെ സാമാന്യമായി പരിചയപ്പെടുത്തുന്നു. വ്യാകരണപഠനത്തിന്റെ ആവശ്യകതയും വ്യത്യസ്ത സമീപനരീതികളും പഠനവിധേയമാക്കുന്നു. ഭാഷയുടെ ഉല്പത്തിസംബന്ധമായ സിദ്ധാന്തങ്ങളിൽ കൊടും തമിഴ് വാദത്തിനുള്ള പ്രാധാന്യവും കൊടും തമിഴ് മലയാളമായി പരിണമിച്ചതിന് കാരണമായി ഏ.ആർ. നിരത്തുന്ന ആറു നയങ്ങളും ഈ മൊഡ്യൂളിന്റെ ഭാഗമാണ്. പദവും അക്ഷരവും ശബ്ദവും ലിപിയും തമ്മിലുള്ള ബന്ധവ്യത്യാസം ചർച്ച ചെയ്യുകയും വർണ്ണ വികാരങ്ങൾ പഠനവിധേയമാക്കുകയും ചെയ്യുന്നു. ഇതിലൂടെ ഭാഷ വ്യക്തതയോടെ കൈകാര്യം ചെയ്യാനുള്ള ജ്ഞാനം വിദ്യാർത്ഥികൾ ആർജ്ജിക്കുന്നു.

വിവരണാത്മകം, നിർദ്ദേശാത്മകം, ആഗമികം തുടങ്ങിയ സമീപനരീതികൾ, അക്ഷരം, അക്ഷരമാല എന്നിവയെ സംബന്ധിച്ച അഭിപ്രായ ഭേദങ്ങൾ, ചില്ലുകളുടെ സവിശേഷതകൾ, വർണ്ണ വിഭാഗം, വർണ്ണോല്പത്തി, ധ്വനിഭേദോപാധികൾ സന്ധി ലീലാതിലകത്തിലേയും കേരളപാണിനീയത്തിലേയും സന്ധി താരതമ്യം ലീലാതിലകസന്ധികൾ തമിഴിന്റെ പകർപ്പോ? ശ്രുതിമാധുര്യാർത്ഥമായും ണാഗമം ചിലെടങ്ങളിൽ

## ആർജിതശേഷി

- ഭാഷ വ്യക്തതയോടെ കൈകാര്യം ചെയ്യാനുള്ള ജ്ഞാനം വിദ്യാർത്ഥികൾ ആർജിക്കുന്നു.
- വിവിധ വ്യാകരണ മാതൃകകൾ അറിയാനും വ്യത്യസ്ത ഭാഷകളിലെ വ്യാകരണ ഗ്രന്ഥങ്ങൾ പരിചയപ്പെടാനും സാധിക്കുന്നു.

## മൊഡ്യൂൾ: 2

ശബ്ദവിഭാഗ ചർച്ചയാണ് ഈ മൊഡ്യൂൾ. ശബ്ദം, പദം, ശബ്ദവിഭാഗങ്ങൾ–വാചകം, ദ്യോതകം–വാചകവിഭാഗങ്ങൾ–നാമം, കൃതി, ഭേദകം–ദ്യോതകവിഭാഗങ്ങൾ–നിപാതം, അവ്യയം–ഗതി, ഘടകം, വ്യാക്ഷേപകം–സർവ്വനാമങ്ങൾ, സർവ്വനാമങ്ങളെ സംബന്ധിച്ച ചർച്ചകൾ–വ്യാക്ഷേപകം അവ്യയമാണോ? ഭേദകത്തിന്റെ ഉൾപ്പിരിവുകൾ– ലിംഗം, വചനം, വിഭക്തി, വിഭക്ത്യാഭാസം, സമാസവിഭക്തി, അം പ്രത്യയം–വ്യത്യസ്ത വാദം.

## ആർജിതശേഷി

- വാചകം, ദ്യോതകം ഈ രണ്ടു വിഭാഗത്തിൽ അല്ലാതെ ശബ്ദം ഇല്ലായെന്ന് ബോധ്യമാകുന്നു.
- ഭേദകം ഒരു പ്രത്യേക വിഭാഗം തന്നെയാണ് അം ലിംഗപ്രത്യയമാണ് അംഗപ്രത്യയമല്ലെന്ന് തിരിച്ചറിയുന്നു.

## മൊഡ്യൂൾ: 3

ക്രിയയെക്കുറിച്ചുള്ള സമഗ്രപഠനമാണ് ഈ മൊഡ്യൂൾ ലക്ഷ്യം വെയ്ക്കുന്നത്. ക്രിയ–ക്രിയയുടെവിഭാഗങ്ങൾ–പൂർണ്ണക്രിയ, അപൂർണ്ണക്രിയ–പേരെച്ചം–പേരെച്ചത്തിന്റെ നിർമ്മിതി–ഖിലധാതുക്കൾ,കാലം–വർത്തമാനകാലാഖ്യാതത്തിന്റെ ചരിത്രം, കാലപ്രത്യയങ്ങളുടെ ആഗമം, ഭൂതകാലപ്രത്യയത്തിന്റെ സങ്കീർണ്ണത,ശീലഭാവി, അവധാരഭാവി–പ്രകാരം–പ്രകാരവിഭാഗങ്ങൾ, പ്രകാര പ്രത്യയങ്ങളുടെ നിഷ്പത്തി, കൃത്തുക്കൾ, പ്രയോഗം–അനുപ്രയോഗം, പ്രാക്പ്രയോഗം, നാമധാതുക്കൾ–അവയുടെ നിർമ്മിതി.

## ആർജിതശേഷി

- ക്രിയയെ കുറിച്ചും അതിന്റെ അവാന്തരവിഭാഗങ്ങളെ കുറിച്ചും ക്രിയയോട് ചേരുന്ന പ്രത്യയങ്ങളെ കുറിച്ചും അറിയാൻ സഹായിക്കുന്നു.
- ഭൂതം, ഭാവി എന്ന് രണ്ട് കാലം മാത്രമേ ഉള്ളൂ വർത്തമാനം എന്നൊന്നില്ലെന്ന് തിരിച്ചറിയുന്നു.

## മൊഡ്യൂൾ: 4

വിശേഷണങ്ങളുടെ സ്വതന്ത്രപ്രയോഗ സാദ്ധ്യതകൾ മനസ്സിലാക്കുകയാണ് ഈ മൊഡ്യൂളിൽ.

ഭേദകം–ഭേദകം എന്നൊരു വിഭാഗം കല്പിച്ചതിന്റെ ഔചിത്യം, നാമവിശേഷണം, ക്രിയാവിശേഷണം, ഭേദകവിശേഷണം.

തദ്ധിതം:-അവാന്തരവിഭാഗങ്ങൾ,നിർമ്മിതി–കാരകം, ഖിലധാതുക്കൾ, സമാസം, വിവർത്തനപ്രക്രിയ.

വാക്യപ്രകരണം:- ആഖ്യ, ആഖ്യാതം, കേവലവാക്യം, പ്രയോജകവാക്യങ്ങൾ, വിധി, നിഷേധവാക്യങ്ങൾ, ചൂർണ്ണിക, സങ്കീർണ്ണവാക്യം, മഹാവാക്യം.

## ആർജിതശേഷി

- ഭേദകത്തെ പ്രത്യേകവിഭാഗമായി കല്പിച്ചതിന്റെ ഔചിത്യം മനസ്സിലാക്കുന്നു.
- ആകാംക്ഷാധികാരത്തെ പ്രയോജനപ്പെടുത്തി വാക്യരചനാരീതികളും വാക്യവിഭാഗങ്ങളും തിരിച്ചറിയുന്നു.

## റഫറൻസ്


1. കേരളപാണിനീയം (ശതാബ്ദിപ്പതിപ്പ്) — ഏ.ആർ. രാജരാജവർമ്മ, ഡി.സി. ബുക്സ്, 1997.
2. കേരളപാണിനീയം (ആദ്യപതിപ്പ്) — ഏ.ആർ. രാജരാജവർമ്മ (പുതുശ്ശേരി രാമചന്ദ്രൻ) (സമ്പാദനവും പഠനവും) കേരളസാഹിത്യഅക്കാദമി, തൃശ്ശൂർ, 1996.
3. മലയാളഭാഷാവ്യാകരണം — ഗുണ്ടർട്ട്, ഡി.സി. ബുക്സ്, 1991.
4. വ്യാകരണമിത്രം — എം. ശേഷഗിരിപ്രഭു, കേരളസാഹിത്യ അക്കാദമി, തൃശ്ശൂർ, 1989.
5. മലയാഴ്മയുടെ വ്യാകരണം — ജോർജ്ജ് മാത്തൻ കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2000.
6. കേരളഭാഷാവ്യാകരണം — പാച്ചുമൂത്തത് മദിരാശി സർവകലാശാല, മദിരാശി, 1981.
7. കേരളപാണിനീയഭാഷ്യം — പ്രൊഫ. സി.എൽ.ആന്റണി, ഡി.സി. ബുക്സ്, കോട്ടയം, 1994.
8. മലയാളവ്യാകരണസമീക്ഷ — കെ.എം. പ്രഭാകരവാര്യർ, വള്ളത്തോൾ വിദ്യാപീഠം,